പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5430 | 31.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളിൽ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കാറഡുക്ക ബ്ലോക്കിനു കീഴിൽ വരുന്ന മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ, പഞ്ചായത്തുകളിലെ അംഗൻവാടികളിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്, മുൻപരിചയം പൂർണ്ണമായി കണക്കാക്കാതെ തയ്യാറാക്കിയതാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ബേഡഡുക്ക പഞ്ചായത്തിലെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബേഡഡുക്ക പഞ്ചായത്തിലെ സമാഹൃത സീനിയോറിറ്റി ലിസ്റ്റിലെ 8-ാം നമ്പരുകാരിയും 6-1-2007 ലെ സ.ഉ(എം.എസ്)നം 02/07/സാക്ഷേവ പ്രകാരം നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റിലെ 18-ാം നമ്പരുകാരിയും നിയമനം ലഭിക്കുവാൻ ബാക്കിയുള്ളവരിലെ 2-ാമത്തെ ആളുമായ ശ്രീമതി.സുജാത.കെ, 2007 ലെ സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വന്നശേഷമുള്ള തന്റെ താൽക്കാലിക സേവനം കൂടി പരിഗണിക്കുമ്പോൾ സമാഹൃത ലിസ്റ്റിൽ തന്റെ മുന്നിലുള്ളവരേക്കാൾ പ്രവർത്തന പരിചയമുണ്ടെന്നും ആകയാൽ സമാഹൃത ലിസ്റ്റിൽ താൻ പിന്തള്ളപ്പെട്ടു, എന്നുള്ള പരാതി ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ലഭിച്ചതായും ആയതിനുള്ള മറുപടി പരാതിക്കാരിക്കും ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും നൽകിയതായും കാറഡുക്ക അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് പരിശോധിച്ച് മുൻപരിചയം പൂർണ്ണമായി കണക്കിലെടുത്ത് പ്രസ്തുത ലിസ്റ്റ് പുതുക്കി തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) 6-1-2007 ലെ സ.ഉ(എം.എസ്)നം 02/07/സാക്ഷേവ, 10/11/2010 ലെ സ.ഉ(എം.എസ്)നം 79/2010/സാക്ഷേവ എന്നിവ പ്രകാരം നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റുകളിലെ നിയമനം ലഭിക്കുവാൻ അവശേഷിക്കുന്നവരുടെ ലിസ്റ്റിലെ സേവന ദൈർഘ്യം മാത്രം കണക്കിലെടുത്താണ് സമാഹൃത ലിസ്റ്റ് തയ്യാറാക്കിയത്. മേൽ ഉത്തരവുകൾ പ്രകാരം, സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വന്നശേഷമുള്ള സേവന പരിചയം സമാഹൃത സീനിയോറിറ്റി ലിസ്റ്റിന് പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ